19
2026
ഫെബ്രുവരി
വ്യാഴം
കുംഭം 7

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 38 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-38 പേജ് 4. വില 2.00 രൂപ

02 ഉന്നതവിദ്യാഭ്യാസ മേഖലയിൽ കേരളം നടത്തുന്നത് വിസ്മയകരമായ മുന്നേറ്റം; മന്ത്രി ഡോ. ആർ. ബിന്ദു

03 നമീബിയയ്ക്കെതിരെ ഗംഭീര ജയം; പാക്കിസ്ഥാൻ സൂപ്പർ എട്ടിൽ

04 രണ്ട് വർഷത്തിനുള്ളിൽ കെ–ടെറ്റ് പാസാകണം; ശമ്പള തടസ്സമില്ല: മന്ത്രി

# ഭിന്നശേഷി സംവരണം: സുപ്രീംകോടതി ഉത്തരവ് എല്ലാവർക്കും ബാധകം

ഭിന്നശേഷി സംവരണത്തിൽ എൻ.എസ്.എസ്സിന് അനുകൂലമായ സുപ്രീം കോടതി ഉത്തരവ് സംസ്ഥാനത്തെ മുഴുവൻ എയ്ഡഡ് മാനേജ്മെന്റുകൾക്കും ബാധകമാക്കുമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി സെക്രട്ടേറിയറ്റ് പി.ആർ ചേംബറിൽ നടന്ന വാർത്താസമ്മേളനത്തിൽ അറിയിച്ചു. ഇത് സംബന്ധിച്ച സർക്കാർ ഉത്തരവ് ഉടൻ പുറത്തിറക്കും.

പൊതുവിദ്യാഭ്യാസ മേഖലയിൽ ഏറെക്കാലമായി നിലനിന്നിരുന്ന ചില നിയമപരമായ സങ്കീർണ്ണതകൾക്കും അധ്യാപകരുടെ ആശങ്കകൾക്കും ശാശ്വത പരിഹാരം കാണുന്ന സുപ്രധാനമായ തീരുമാനമാണ് സർക്കാർ സ്വീകരിച്ചത്. സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ ഇരുപതിനായിരത്തോളം അധ്യാപകർക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കും. അധ്യാപകരുടെ നിയമന തീയതി മുതൽ തന്നെ എല്ലാ ആനുകൂല്യങ്ങളും സർക്കാർ ഉറപ്പാക്കും. നിയമന അംഗീകാര പ്രൊപ്പോസലുകൾ രണ്ടാഴ്ചക്കകം പൂർത്തിയാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.



1996ലെ ഭിന്നശേഷി നിയമപ്രകാരം 3 ശതമാനമായി നിശ്ചയിച്ച സംവരണം 2017ൽ 4 ശതമാനമായി. എന്നാൽ എയ്ഡഡ് സ്കൂളുകളിൽ ഇത് നടപ്പിലാക്കുന്നതിൽ വലിയ കാലതാമസമുണ്ടായി. 2022ൽ ഹൈക്കോടതി സിംഗിൾ ബെഞ്ച് 1996 മുതലുള്ള മുൻകാല പ്രാബല്യത്തോടെ ഇത് നടപ്പിലാക്കാൻ ഉത്തരവിട്ടു. നിലവിലുള്ള ആയിരക്കണക്കിന് അധ്യാപകരുടെ നിയമനത്തെ ബാധിക്കുമെന്നതിനാൽ സർക്കാർ അപ്പീൽ നൽകി. ഡിവിഷൻ ബെഞ്ച് വിധി വന്നതോടെ 2021ന് ശേഷം നിയമിതരായവർക്ക് ദിവസവേതനം മാത്രമായി ശമ്പളം ചുരുങ്ങി. എന്നാൽ എൻ.എസ്.എസ്. നൽകിയ കേസിൽ സുപ്രീം കോടതി, ഭിന്നശേഷി തസ്തികകൾ ഒഴിച്ചിട്ട് ബാക്കിയുള്ളവർക്ക് അപ്രൂവൽ നൽകാൻ ഉത്തരവിട്ടു. ഈ വിധിന്യായം മറ്റ് സമാന മാനേജ്മെന്റുകൾക്കും ബാധകമാക്കോമോ എന്ന് നിയമോപദേശം അന്ന് തേടിയെങ്കിലും അനുകൂലമായ ഉപദേശമല്ല ലഭിച്ചത്. ഈ വിധി എല്ലാ മാനേജ്മെന്റുകൾക്കും ബാധകമാക്കാൻ സർക്കാർ തന്നെ സുപ്രീം കോടതിയിൽ സത്യവാങ്മൂലം നൽകി. എന്നാൽ കേസ് ഏപ്രിൽ 14 ലേയ്ക്ക് വീണ്ടും മാറ്റുകയുണ്ടായി.

അധ്യാപകർ വർഷങ്ങളോളം ശമ്പളമില്ലാതെ ജോലി ചെയ്യുന്നത് നീതിയല്ലെന്ന് കണ്ട് സർക്കാർ രൂപീകരിച്ച ജില്ലാതല സമിതികൾ മുഖേനയുള്ള നിയമനത്തിന്റെ ആദ്യഘട്ടം 2026 ജനുവരി 24ന് പൂർത്തിയായി. രണ്ടാംഘട്ടം ആരംഭിച്ച സാഹചര്യത്തിലും ഡബ്ല്യൂ.പി.(സി) നമ്പർ 12869/2025 ലെ വിധിന്യായത്തിൽ, എൻ.എസ്.എസ് മാനേജ്മെന്റുകൾക്ക് സുപ്രീം കോടതി അനുവദിച്ച ആനുകൂല്യത്തിന് ഹർജിക്കാരും അർഹരാണെന്ന് ഹൈക്കോടതിയുടെ സിംഗിൾ ബെഞ്ച് വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിലും സുപ്രീം കോടതിയിൽ നിന്ന് എൻ.എസ്.എസിനു ലഭിച്ച വിധിന്യായത്തിന്റെ ആനുകൂല്യം മറ്റു സമാന മാനേജമെന്റുകൾക്കും നൽകുന്ന കാര്യത്തിലുള്ള അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശം സർക്കാർ ഒരിക്കൽ കൂടി തേടിയതായും മന്ത്രി അറിയിച്ചു.

സംസ്ഥാനത്തിനുവേണ്ടി ഹാജരാകുന്ന മുതിർന്ന അഭിഭാഷകരായ ജയ്ദീപ് ഗുപ്ത, ജയന്ത് മുത്തുജ് എന്നിവരുമായി ഈ വിഷയം സ്റ്റാന്റിംഗ് കൗൺസിൽ ചർച്ച ചെയ്തതിരുന്നു. സുപ്രീം കോടതിയിൽ നിലനിൽക്കുന്ന സ്പെഷ്യൽ ലീവ് പെറ്റീഷനുകളുടെ ഫലത്തിന് വിധേയമായി, ഭിന്നശേഷി നിയമനത്തിനായി വ്യവസ്ഥാപിത തസ്തികകൾ മാറ്റി വെച്ചിട്ടുള്ള മറ്റ് മാനേജ്മെന്റുകളുടെ കീഴിലുള്ള സ്കൂളുകളിലും താത്കാലികമായി ജോലി ചെയ്യുന്ന അധ്യാപകരെ സ്ഥിരപ്പെടുത്തുന്നതിന് സർക്കാരിന് ഉത്തരവ് പുറപ്പെടുവിക്കാൻ കഴിയുമെന്ന് സീനിയർ അഭിഭാഷകർ അഭിപ്രായപ്പെട്ടു. എന്നാൽ സുപ്രീം കോടതിയിൽ സ്പെഷ്യൽ ലീവ് പെറ്റീഷനുകൾ സമർപ്പിച്ച 442 അധ്യാപകരുടെ റെഗുലറൈസേഷൻ സുപ്രീം കോടതിയുടെ അന്തിമ തീരുമാനം വരെ നിർത്തിവയ്ക്കേണ്ടതാണെന്ന് നിയമോപദേശം ലഭിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

## പ്രസവ ശസ്ത്രക്രിയയ്ക്കിടെ കുഞ്ഞ് മരിച്ച സംഭവം; ഡോ. ബിന്ദു സുന്ദറിന് സസ്പെൻഷൻ

തിരുവനന്തപുരം: നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ പ്രസവ ശസ്ത്രക്രിയയ്ക്കിടെ കുഞ്ഞ് മരിച്ച സംഭവത്തിൽ ഡോക്ടർക്കെതിരെ കടുത്ത നടപടിയുമായി ആരോഗ്യവകുപ്പ്. ആരോപണം നേരിടുന്ന ഡോ. ബിന്ദു സുന്ദറിനെ സ്ഥലം മാറ്റിയതിന് പിന്നാലെ സസ്പെൻഡ് ചെയ്ത് ആരോഗ്യവകുപ്പ്.

ബിന്ദു സുന്ദറിനെതിരെ കൈക്കൂലി ആരോപണവും ഉയർന്നിരുന്നു. ബിന്ദു സുന്ദറിനെ പുനലൂർ താലൂക്ക് ആശുപത്രിയിലേക്കാണ് മാറ്റിയിരുന്നത്. കുടുംബം പ്രതിഷേധം കടുപ്പിച്ചതോടെയാണ് ആരോഗ്യവകുപ്പ് ഡോക്ടർക്കെതിരെ കൂടുതൽ നടപടികളിലേക്ക് കടന്നത്.

സംഭവത്തിന് പിന്നാലെ കുടുംബത്തിനൊപ്പം വിവിധ രാഷ്ട്രീയ പാർട്ടികളും പ്രതിഷേധത്തിൽ പങ്കെടുത്തിരുന്നു. ഡോക്ടർക്കെതിരെ കടുത്ത നടപടി സ്വീകരിച്ചില്ലെങ്കിൽ കുഞ്ഞിൻറെ മൃതദേഹം ഏറ്റെടുക്കില്ലെന്ന് കുടുംബം അറിയിച്ചിരുന്നു.

ഗുരുതരാവസ്ഥയിലെന്നു കണ്ടിട്ടും ശസ്ത്രക്രിയ മണിക്കൂറുകൾ വൈകിപ്പിക്കൽ, വിവരം ബന്ധുക്കളെ അറിയിക്കാതിരിക്കൽ, അവസാന നിമിഷം മാത്രം ശസ്ത്രക്രിയ നടത്തി കുഞ്ഞിൻറെ മരണത്തിന് ഇടയാക്കിയ ചികിത്സാ പിഴവ് തുടങ്ങിയ ഗുരുതര ആരോപണമാണ് നെടുമങ്ങാട് ജില്ലാ ആശുപത്രിയിലെ ഡോക്ടർ ബിന്ദു സുന്ദറിനെതിരെ പാലോട് സ്വദേശികളായ കുടുംബം ഉന്നയിക്കുന്നത്.

കഴിഞ്ഞ ദിവസമാണ് സംഭവം. പ്രസവ ശസ്ത്രക്രിയയിലൂടെ പുറത്തെടുത്ത കുഞ്ഞാണ് മരിച്ചത്. ഇതിന് പിന്നാലെ മരിച്ച കുഞ്ഞിൻറെ ബന്ധുക്കൾ ആശുപത്രിക്ക് മുന്നിൽ ആർഡിഒയെയും ആശുപത്രി സൂപ്രണ്ടിനേയും തടഞ്ഞുവച്ച് പ്രതിഷേധിച്ചിരുന്നു. പാലോട് സ്വദേശി നിരഞ്ജനയുടെ കുഞ്ഞാണ് മരിച്ചത്.

## തിരുവനന്തപുരത്ത് മീനുകളുടെ സാമ്പിൾ ശേഖരിച്ചു; മുൻകരുതൽ നടപടികളുമായി ആരോഗ്യവകുപ്പ്

തിരുവനന്തപുരം: വിഴിഞ്ഞത്തെ ഹോട്ടലിൽ നിന്ന് ആഹാരം കഴിച്ചവർക്ക് ഭക്ഷ്യവിഷബാധയേറ്റ സംഭവത്തിന് പിന്നാലെ തലസ്ഥാനത്ത് മുൻകരുതൽ നടപടികളുടെ ഭാഗമായി മീനുകളുടെ സാമ്പിളുകൾ ശേഖരിച്ച് ആരോഗ്യവകുപ്പ്.

ശാരീരിക അസ്വസ്ഥത അനുഭവപ്പെട്ട മൂന്ന് പേർ കൂടി സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടിയിരുന്നു. വീട്ടിൽ നിന്ന് പാകം ചെയ്ത് കഴിച്ചവരാണ് ചികിത്സ തേടിയത്. മുൻകരുതൽ നടപടിയുടെ ഭാഗമായാണ് കൂടുതൽ ഇടങ്ങളിൽ നിന്ന് മീനുകളുടെ സാമ്പിളുകൾ ശേഖരിക്കുന്നതെന്ന് അധികൃതർ അറിയിച്ചു. നിലവിൽ ചികിത്സ തേടിയിരിക്കുന്നത് വിഴിഞ്ഞത്തെ ഹോട്ടലിൽ നിന്ന് ഭക്ഷണം കഴിച്ചവരല്ല. നഗരത്തിൽ പാളയത്ത് നിന്നും കോവളത്ത് നിന്നും ഇന്ന് മീനുകളുടെ സാമ്പിളുകളെടുത്തിരുന്നു. തെരഞ്ഞെടുത്ത സാമ്പിളുകൾ എറണാകുളം സിഐഎഫ്ടിയിലേക്ക് പരിശോധനയ്ക്ക് അയയ്ക്കും.

## കെ. മുരളീധരൻ, ബൽറാം, പ്രതാപൻ ഉൾപ്പെടെ 30 മണ്ഡലങ്ങളിൽ കോൺഗ്രസ് സ്ഥാനാർഥികളായി

കോട്ടയം : നിയമസഭാ തിരഞ്ഞെടുപ്പിൽ 30 മണ്ഡലങ്ങളിലെ കോൺഗ്രസ് സ്ഥാനാർഥിപ്പട്ടികയിൽ ധാരണയായി. പ്രഖ്യാപനം ഉടനുണ്ടാകും. സിറ്റിങ് സീറ്റുകൾക്കൊപ്പം, തർക്കമില്ലാത്ത സീറ്റുകളിലെ സ്ഥാനാർഥികളെയും പ്രഖ്യാപിക്കാനാണ് നീക്കം. മുപ്പതിലധികം മണ്ഡലങ്ങളെ ഉൾപ്പെടുത്തിയുള്ള ആദ്യഘട്ട പട്ടിക ഫെബ്രുവരി 25 ന് മുൻപു പുറത്തിറക്കാനാണ് നേതൃത്വത്തിന്റെ തിരക്കിട്ട ശ്രമം. വട്ടിയൂർക്കാവിൽ കെ.മുരളീധരൻ, തൃത്താലയിൽ വി.ടി.ബൽറാം, മണലൂരിൽ ടി.എൻ.പ്രതാപൻ എന്നിവർ സ്ഥാനാർഥിത്വം ഉറപ്പിച്ചു. ഇതു സംബന്ധിച്ച അനൗദ്യോഗിക നിർദേശം ഇവർക്കു ലഭിച്ചതായാണ് വിവരം.



പുതുയുഗ യാത്ര കഴിഞ്ഞ് മാർച്ച് ആറിനു ശേഷമാകും രണ്ടാംഘട്ട സ്ഥാനാർഥിപ്പട്ടിക പ്രഖ്യാപിക്കുക. തദ്ദേശ തിരഞ്ഞെടുപ്പിലും സ്ഥാനാർഥികളെ നേരത്തേ തീരുമാനിച്ച് പ്രചാരണം തുടങ്ങിയിരുന്നു. ഇതു വിജയിക്കുകയും ചെയ്തു. സിറ്റിങ് എംഎൽഎമാർ അല്ലാത്ത ചില മുതിർന്ന നേതാക്കൾ ആദ്യഘട്ട പട്ടികയിൽ ഉണ്ടാകുമെന്ന് കെ. മുരളീധരൻ മനോരമ ഓൺലൈനോടു സ്ഥിരീകരിച്ചു. വട്ടിയൂർക്കാവ് മണ്ഡലവും ആദ്യഘട്ട പട്ടികയിൽ ഉണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു. ചില സീറ്റുകളിൽ കൂടി ചർച്ച നടക്കുന്നുണ്ട്. തർക്കമില്ലാത്ത സംവരണ മണ്ഡലങ്ങളിലെയും ചില വനിതാ സ്ഥാനാർഥികളുടെയും പേരുകൾ ആദ്യഘട്ട പട്ടികയിലുണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു.

വട്ടിയൂർക്കാവ്, തൃത്താല, മണലൂർ പോലുള്ള മണ്ഡലങ്ങളിൽ ശക്തമായ മത്സരത്തിനാണു സാധ്യത. ജാഗ്രതയോടെ പ്രവർത്തിച്ചാൽ ഈ സീറ്റുകൾ പിടിച്ചെടുക്കാമെന്ന വിശ്വാസം കോൺഗ്രസിനുണ്ട്. അതിനാലാണ് രണ്ടാംഘട്ടത്തിലേക്കു നീട്ടാതെ സ്ഥാനാർഥികളെ നേരത്തേ പ്രഖ്യാപിക്കാൻ ശ്രമിക്കുന്നത്.

## യൂട്യൂബിലൂടെ വ്യാജ പ്രചാരണം; കെ.എം. ഷാജഹാന് അഞ്ച് ലക്ഷം പിഴ വിധിച്ച് കോടതി

തിരുവനന്തപുരം: എഡിജിപി എസ്. ശ്രീജിത്ത് നൽകിയ മാനനഷ്ട കേസിൽ രാഷ്ട്രീയ നിരീക്ഷകൻ കെ.എം. ഷാജഹാന് അഞ്ച് ലക്ഷം രൂപ പിഴ വിധിച്ച് കോടതി. തിരുവനന്തപുരം മുൻസിഫ് മജിസ്ട്രേറ്റ് കോടതിയുടേതാണ് വിധി. പിഴ ശിക്ഷയോടൊപ്പം കോടതിചെലവും ഷാജഹാൻ അടയ്ക്കണമെന്നും കോടതി വിധിച്ചു. യൂട്യൂബിലൂടെ വ്യാജ പ്രചാരണം നടത്തിയെന്ന് ആരോപിച്ച് എസ്. ശ്രീജിത്ത് ഫയൽ ചെയ്ത സിവിൽ കേസിലാണ് നിലവിലെ കോടതി വിധി. സമാന സംഭവത്തിൽ എഡിജിപി ക്രിമിനൽ കേസും ഫയൽ ചെയ്തിട്ടുണ്ട്. ക്രിമിനൽ കേസിലെ വിധി ഇനി വരാനുണ്ട്.






# ഉന്നതവിദ്യാഭ്യാസ മേഖലയിൽ കേരളം നടത്തുന്നത് വിസ്മയകരമായ മുന്നേറ്റം; മന്ത്രി ഡോ. ആർ. ബിന്ദു

ഉന്നതവിദ്യാഭ്യാസ മേഖലയിൽ അടിസ്ഥാന സൗകര്യ വികസനത്തിലൂടെയും പാഠ്യപദ്ധതി പരിഷ്കരണത്തിലൂടെയും വിസ്മയകരമായ മുന്നേറ്റമാണ് സർക്കാർ നടത്തിവരുന്നതെന്ന് ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ നവീകരിച്ച എ ആർ സെന്ററിന്റെയും (ഓറിയന്റൽ ബ്ലോക്ക്), സംസ്ഥാനത്തെ വിവിധ കോളേജുകളിൽ പൂർത്തീകരിച്ച കെട്ടിടങ്ങളുടെയും ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. നവകേരള സൃഷ്ടിയുടെ ഭാഗമായി കേരളത്തെ ഒരു വൈജ്ഞാനിക സമൂഹമായി മാറ്റുന്നതിനും സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസത്തിന്റെ അന്താരാഷ്ട്ര ഹബ്ബാക്കി മാറ്റുന്നതിനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ 6000 കോടി രൂപയാണ് അടിസ്ഥാന സൗകര്യ വികസനത്തിനായി സർക്കാർ ഈ മേഖലയിൽ ചെലവഴിച്ചിട്ടുള്ളത്.

നാല് വർഷ ബിരുദ പ്രോഗ്രാമുകൾ നടപ്പിലാക്കിയതോടെ വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തിലും സമീപനത്തിലും സമൂലമായ മാറ്റമാണ് ഉണ്ടായിരിക്കുന്നത്. വിദ്യാർത്ഥികൾക്ക് തൊഴിൽ നൈപുണ്യവും ഗവേഷണത്തിലുള്ള അഭിരുചിയും വളർത്താൻ ഉതകുന്ന രീതിയിലാണ് പുതിയ കരിക്കുലം വിഭാവനം ചെയ്തിരിക്കുന്നത്. 'പഠനത്തോടൊപ്പം തൊഴിൽ' എന്ന ആശയത്തിന് ഊന്നൽ നൽകിക്കൊണ്ട് വിദ്യാർത്ഥികളെ സംരംഭകരായും തൊഴിൽദാതാക്കളായും മാറ്റാൻ ക്യാമ്പസുകൾക്ക് കഴിയേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി 'സ്കോളർ കണക്ട്' പദ്ധതി വഴി വിദേശത്തുള്ള മലയാളി വിദഗ്ധരുമായി സംവദിക്കാനുള്ള അവസരം വിദ്യാർത്ഥികൾക്ക് ഉറപ്പാക്കുന്നുണ്ട്. നാക് അക്രഡിറ്റേഷനിലും എൻ.ഐ.ആർ.എഫ് റാങ്കിങ്ങിലും കേരളത്തിലെ സർവ്വകലാശാലകളും കോളേജുകളും മികച്ച നേട്ടമാണ് കൈവരിച്ചിരിക്കുന്നത്. രാജ്യത്തെ മികച്ച 300 കോളേജുകളിൽ 75 എണ്ണവും കേരളത്തിൽ നിന്നാണ് എന്നത് ഇതിന് തെളിവാണെന്ന് മന്ത്രി പറഞ്ഞു.



യൂണിവേഴ്സിറ്റി കോളേജിൽ നവീകരിച്ച എ ആർ സെന്ററിന്റെ ഉദ്ഘാടനം മന്ത്രി ഡോ ആർ ബിന്ദു നിർവഹിക്കുന്നു

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ കിഫ്ബിയിൽ നിന്നും അനുവദിച്ച 22 കോടി രൂപ ഉപയോഗിച്ചാണ് വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയത്. പൈതൃക തനിമ ചോരാതെ നവീകരിച്ച ഓറിയന്റൽ ബ്ലോക്ക്, പുതിയതായി നിർമ്മിച്ച ലാംഗ്വേജ് ബ്ലോക്ക്, ലാബ് ബ്ലോക്ക് എന്നിവ പൂർത്തിയാക്കി. കോളേജിന്റെ പൈതൃക ഗരിമ നിലനിർത്തിക്കൊണ്ട് കിറ്റ്കോയുടെ നേതൃത്വത്തിലാണ് ഓറിയന്റൽ ബ്ലോക്കിന്റെ നവീകരണം പൂർത്തിയാക്കിയത്. എൻ.ഐ.ആർ.എഫ് റാങ്കിങ്ങിൽ ഇരുപത്തിമൂന്നാം സ്ഥാനം നേടാനും സംസ്ഥാന റാങ്കിങ്ങിൽ ഒന്നാം സ്ഥാനം നിലനിർത്താനും യൂണിവേഴ്സിറ്റി കോളേജിന് സാധിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

പാലക്കാട് വിക്ടോറിയ കോളേജിൽ പൈതൃക കോളേജ് പദ്ധതിയിൽ ഉൾപ്പെടുത്തി 30 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് നടക്കുന്നത്. ഇതിന്റെ ഭാഗമായി നിർമ്മിച്ച ലൈബ്രറികം ഓഡിറ്റോറിയം കെട്ടിടം, തലശ്ശേരി കോടിയേരി ബാലകൃഷ്ണൻ സ്മാരക ഗവ കോളേജിലെ 11.2 കോടി രൂപയുടെ അക്കാദമിക് കെട്ടിടം, ചേലക്കര സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജിൽ 8.9 കോടി രൂപ ചെലവഴിച്ചു നിർമ്മിച്ച അക്കാദമിക് ബ്ലോക്ക്, പത്തിരിപ്പാല സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജിൽ 69.7 ലക്ഷം രൂപ ചെലവിൽ നിർമ്മിച്ച കാന്റീൻ കെട്ടിടം, കുളത്തൂർ സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജിൽ പ്ലാൻ ഫണ്ടിൽ നിന്നും 80.21 ലക്ഷം രൂപ ചെലവഴിച്ചു നിർമ്മിച്ച പ്രീഫാബ്രിക്കേറ്റഡ് കെട്ടിടം, മലയൻകീഴ് എം.എം.എസ് സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജിൽ 36.4 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയവയുടെ ഉദ്ഘാടനം മന്ത്രി നിർവഹിച്ചു.

കരുനാഗപ്പള്ളി സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജിൽ കിഫ്ബി വഴി അനുവദിച്ച 17.3 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ, മലപ്പുറം മങ്കട സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജിൽ കിഫ്ബി വഴി അനുവദിച്ച 8.6 കോടി രൂപയുടെ അക്കാദമിക് ബ്ലോക്ക്, ലൈബ്രറി എന്നിവയുടെയും, പ്ലാൻ ഫണ്ടിൽ നിന്നുള്ള ഒരു കോടി രൂപ ഉപയോഗിച്ച് നിർമ്മിക്കുന്ന റീട്ടൈനിങ് വാളിന്റെ ശിലാസ്ഥാപനവും മന്ത്രി ഓൺലൈനായി നിർവഹിച്ചു.തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നടന്ന ചടങ്ങിൽ പ്രിൻസിപ്പൽ ഡോ. സന്തോഷ്കുമാർ കെ ആർ അധ്യക്ഷനായി.

## നിയമനങ്ങൾക്ക് പ്രത്യേക അദാലത്ത്

സർക്കാർ സേവനത്തിലിരിക്കെ അന്തരിച്ച ജീവനക്കാരുടെ ആശ്രിതർക്കായി നടപ്പിലാക്കി വരുന്ന സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ച് നിയമനം കാത്തിരിക്കുന്നവർക്കായി പ്രത്യേക അദാലത്ത് സംഘടിപ്പിക്കുമെന്ന് പൊതുഭരണ വകുപ്പ് അറിയിച്ചു. യൂണിഫോം തസ്തികകളിൽ നിലവിലുള്ള ഒഴിവുകളിലേയ്ക്ക് നിയമനത്തിനായി സമ്മതപത്രം നൽകിയ ഉദ്യോഗാർത്ഥികൾക്കുള്ള ശാരീരിക-കായികക്ഷമതാ പരീക്ഷ ഫെബ്രുവരി 23, 24, 25, 26 തീയതികളിൽ നടത്തും. തിരുവനന്തപുരം സ്റ്റാച്യൂ ജംഗ്ഷനിലുള്ള സെൻട്രൽ സ്റ്റേഡിയത്തിൽ രാവിലെ 6 മണിക്ക് കായികക്ഷമതാ പരീക്ഷ ആരംഭിക്കും.

## ലാറ്റക്സിന്റെ ഡി ആർ സി പരിശോധനാ നിരക്ക് കുറച്ചു

ലാറ്റക്സിലുള്ള ഉണക്ക റബ്ബറിന്റെ പരിശോധനാനിരക്ക് കുറച്ചു. വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലുള്ള ചങ്ങനാശ്ശേരി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ സ്ഥാപിതമായ കോമൺ ഫെസിലിറ്റി സർവീസ് സെന്ററിൽ റബ്ബർ/പ്ലാസ്റ്റിക് വ്യവസായ സംരംഭകർക്ക് ആവശ്യമായ വിവിധതരം ഗുണനിലവാര പരിശോധനകൾ നടത്തി വരുന്നു.

റബ്ബർ കർഷകർക്ക് ഏറ്റവും അനിവാര്യമായ ഡിആർസി ടെസ്റ്റ് 80 രൂപ നിരക്കിൽ ഇവിടെ ചെയ്തുവരുന്നു. ഐഎസ്ഒ അംഗീകാരമുള്ള സെന്ററിൽ ഗവേഷകർക്കും വിദ്യാർത്ഥികൾക്കും റിസർച്ച്, പ്രോജക്ട് വർക്കുകൾ ചെയ്യുന്നതിനുള്ള സൗകര്യവുമുണ്ട്. ഒരുക്കിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക്: 7907856226, 0481 2720311, ഇമെയിൽ: cfscchry@gmail.com.

## കരാർ നിയമനം

ഐസിഫോസ്സിൽ ഓപ്പൺ ഹാർഡ്വെയർ, ഓപ്പൺ ഐ ഒ റ്റി, ലാംഗ്വേജ് കമ്പ്യൂട്ടിംഗ്, മെഷീൻ ലേണിംഗ്, ഇ-ഗവേണൻസ്, സോഫ്റ്റ്വെയർ ഡെവലപ്മെന്റ് എന്നിവയിലെ പ്രോജക്റ്റുകളിലേക്ക് കരാർ നിയമനത്തിന് അഭിമുഖം നടത്തുന്നു.

റിസർച്ച് അസ്സിസ്റ്റന്റ് തസ്തികയിലേക്കുള്ള അഭിമുഖം 24നും ടെക്നിക്കൽ അസിസ്റ്റൻറ്/ ജൂനിയർ എൻജിനീയർ/ എൻജിനീയർ/ ഡെവലപ്പർ തസ്തികകളിലേക്ക് അഭിമുഖം 26നും നടക്കും. അഭിമുഖത്തിൽ പങ്കെടുക്കാൻ താല്പര്യപ്പെടുന്നവർ നിർബന്ധമായും https://icfoss.in വഴി മുൻകൂർ രജിസ്റ്റർ ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക്: 0471 2700012/13/14; 0471 2413013; 9400225962.

# സ്വരാജ് ട്രോഫി, മഹാത്മാ, മഹാത്മാ-അയ്യങ്കാളി, ലൈഫ് മിഷൻ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു

### സംസ്ഥാനതലത്തിൽ തിരുവനന്തപുരം മികച്ച കോർപ്പറേഷൻ, കൊല്ലം മികച്ച ജില്ലാ പഞ്ചായത്ത്

സംസ്ഥാനത്തെ 2024-25 വർഷത്തെ മികച്ച പ്രവർത്തനം കാഴ്ചവച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന സ്വരാജ് ട്രോഫി, മഹാത്മാ, മഹാത്മാ അയ്യങ്കാളി, ലൈഫ് മിഷൻ പുരസ്കാരങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ് പ്രഖ്യാപിച്ചു.

സ്വരാജ് ട്രോഫിയിൽ സംസ്ഥാനതലത്തിലെ മികച്ച ജില്ലാ പഞ്ചായത്തുകളയിൽ കൊല്ലം ജില്ലാ പഞ്ചായത്ത് ഒന്നാം സ്ഥാനവും കണ്ണൂർ ജില്ലാ പഞ്ചായത്ത് രണ്ടാം സ്ഥാനവും നേടി. സംസ്ഥാന തലത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കിയിട്ടുള്ള ജില്ലാ പഞ്ചായത്തുകൾക്ക് 50 ലക്ഷം രൂപ, 40 ലക്ഷം രൂപ എന്നീ ക്രമത്തിൽ അവാർഡ് തുകയും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും ലഭിക്കും.

ബ്ലോക്ക് പഞ്ചായത്തുകളിൽ സംസ്ഥാനതലത്തിൽ നേമം ബ്ലോക്ക് പഞ്ചായത്ത് (തിരുവനന്തപുരം) ഒന്നാം സ്ഥാനവും കൊടകര ബ്ലോക്ക് പഞ്ചായത്ത് (തൃശൂർ) രണ്ടാം സ്ഥാനവും കരസ്ഥമാക്കി. പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് (മലപ്പുറം), ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് (കോട്ടയം) എന്നിവ മൂന്നാം സ്ഥാനം പങ്കിട്ടു. ഇവർക്ക് 40 ലക്ഷം രൂപ വീതം അവാർഡ് തുകയും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും ലഭിക്കും.

ഗ്രാമ പഞ്ചായത്തുകളിൽ സംസ്ഥാനതലത്തിൽ ഉഴമലയ്ക്കൽ ഗ്രാമപഞ്ചായത്ത് (തിരുവനന്തപുരം) ഒന്നാം സ്ഥാനവും എളവള്ളി ഗ്രാമ പഞ്ചായത്ത് (തൃശൂർ) രണ്ടാം സ്ഥാനവും മാണിയൂർ ഗ്രാമപഞ്ചായത്ത് (കോഴിക്കോട്) മൂന്നാം സ്ഥാനവും നേടി. ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കിയിട്ടുള്ള ഗ്രാമ പഞ്ചായത്തുകൾക്ക് 50 ലക്ഷം രൂപ, 40 ലക്ഷം രൂപ, 30 ലക്ഷം രൂപ എന്നീ ക്രമത്തിൽ അവാർഡ് തുകയും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും ലഭിക്കും.

മുനിസിപ്പാലിറ്റികളിൽ സംസ്ഥാനതലത്തിൽ ഗുരുവായൂർ മുനിസിപ്പാലിറ്റി (തൃശൂർ) ഒന്നാം സ്ഥാനവും മട്ടന്നൂർ മുനിസിപ്പാലിറ്റി (കണ്ണൂർ) രണ്ടാം സ്ഥാനവും കുന്നംകുളം മുനിസിപ്പാലിറ്റി (തൃശൂർ) മൂന്നാം സ്ഥാനവും നേടി. ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കിയിട്ടുള്ള മുനിസിപ്പാലിറ്റികൾക്ക് 50 ലക്ഷം രൂപ, 40 ലക്ഷം രൂപ, 30 ലക്ഷം രൂപ എന്നീ ക്രമത്തിൽ അവാർഡ് തുകയും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും ലഭിക്കും.

മുനിസിപ്പൽ കോർപ്പറേഷൻ വിഭാഗത്തിൽ തിരുവനന്തപുരം കോർപ്പറേഷൻ ഒന്നാം സ്ഥാനം നേടി. 50 ലക്ഷം രൂപ അവാർഡ് തുകയും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും ലഭിക്കും.

ജില്ലാതല പുരസ്കാരങ്ങൾ ചുവടെ: (ഒന്നും രണ്ടും സ്ഥാനക്രമത്തിൽ)

തിരുവനന്തപുരം- മംഗലപുരം, പുല്ലമ്പാറ. കൊല്ലം- ശാസ്താംകോട്ട, കുന്നത്തൂർ. പത്തനംതിട്ട- അരുവാപ്പുലം, പന്തളം തെക്കേക്കര. ആലപ്പുഴ- കാർത്തികപ്പള്ളി, വീയപുരം. ഇടുക്കി - ഇരട്ടയാർ, ചക്കുപള്ളം.കോട്ടയം- വെളിയന്നൂർ, തിരുവാർപ്പ്. എറണാകുളം- മാറാടി, പാലക്കുഴ. തൃശൂർ- മുരിയാട്, നെന്മണിക്കര. പാലക്കാട്- വെള്ളിനേഴി, കൊടുവായൂർ.മലപ്പുറം - മാറഞ്ചേരി, എടപ്പാൾ. കോഴിക്കോട്- പെരുമണ്ണ, മരുതോങ്കര. വയനാട്- മീനങ്ങാടി, അമ്പലവയൽ - കതിരൂർ, കരിവെള്ളൂർ പെരളം. കാസർഗോഡ്- തൃക്കരിപ്പൂർ, മടിക്കൈ. ജില്ലാ തലത്തിൽ ഒന്നും രണ്ടും സ്ഥാനം കരസ്ഥമാക്കിയിട്ടുള്ള ഗ്രാമപഞ്ചായത്തുകൾക്ക് യഥാക്രമം 20 ലക്ഷം രൂപ, 10 ലക്ഷം രൂപ അവാർഡ് തുകയും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും ലഭിക്കുന്നതാണ്.

ലൈഫ് മിഷൻ പുരസ്കാരത്തിൽ ഗ്രാമ പഞ്ചായത്ത് തലത്തിൽ ചേർത്തല തെക്ക് ഗ്രാമ പഞ്ചായത്ത് (ആലപ്പുഴ) ഒന്നാം സ്ഥാനവും കൊപ്പം ഗ്രാമ പഞ്ചായത്ത് (പാലക്കാട്) രണ്ടാം സ്ഥാനവും കരസ്ഥമാക്കി. നഗരസഭാ തലത്തിൽ ആലപ്പുഴ നഗരസഭ ഒന്നാം സ്ഥാനവും തിരുവനന്തപുരം നഗരസഭ രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

നഗര തൊഴിലുറപ്പ് പദ്ധതിയിൽ മികച്ച പ്രവർത്തനം നടത്തിയതിനുള്ള മഹാത്മാ അയ്യങ്കാളി പുരസ്കാരത്തിൽ ഷൊർണൂർ മുനിസിപ്പാലിറ്റി (പാലക്കാട്) ഒന്നാം സ്ഥാനവും താനൂർ മുനിസിപ്പാലിറ്റി (മലപ്പുറം) രണ്ടാം സ്ഥാനവും നേടി. മികച്ച മുനിസിപ്പൽ കോർപ്പറേഷനിൽ ഒന്നാം സ്ഥാനം കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ കരസ്ഥമാക്കി.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സംസ്ഥാന, ജില്ലാ തലങ്ങളിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച ഗ്രാമപഞ്ചായത്തുകൾക്കുള്ള മഹാത്മാ പുരസ്കാരവും പ്രഖ്യാപിച്ചു. ബ്ലോക്ക് പഞ്ചായത്തുകളിൽ പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത് (തിരുവനന്തപുരം) ഒന്നാം സ്ഥാനവും ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് (തിരുവനന്തപുരം) രണ്ടാം സ്ഥാനവും നേമം ബ്ലോക്ക് പഞ്ചായത്ത് (തിരുവനന്തപുരം) മൂന്നാം സ്ഥാനവും നേടി. ഗ്രാമപഞ്ചായത്തുകളിൽ എടവക ഗ്രാമപഞ്ചായത്ത് (വയനാട്) ഒന്നാം സ്ഥാനവും കള്ളിക്കാട് (തിരുവനന്തപുരം) രണ്ടാം സ്ഥാനവും പെരുങ്കടവിള (തിരുവനന്തപുരം) മൂന്നാം സ്ഥാനവും നേടി.

മഹാത്മാ പുരസ്കാരം- മികച്ച ഗ്രാമപഞ്ചായത്ത് (ജില്ലാതലം- ഒന്നും രണ്ടും സ്ഥാനക്രമത്തിൽ)

തിരുവനന്തപുരം- വെള്ളറട, ഒറ്റശേഖരമംഗലം. കൊല്ലം- കുമ്മിൾ, തെന്മല. പത്തനംതിട്ട- ഓമല്ലൂർ, ഏറത്ത്. ആലപ്പുഴ- മുട്ടാർ, നീലംപേരൂർ. കോട്ടയം- രാമപുരം, അകലക്കുന്നം. ഇടുക്കി- ഇടമലക്കുടി, വെള്ളിയാമറ്റം. എറണാകുളം- വടക്കേക്കര, പള്ളിപ്പുറം. തൃശ്ശൂർ- പൂമംഗലം, എളവള്ളി. പാലക്കാട്- തച്ചനാട്ടുകാര, അലനല്ലൂർ. മലപ്പുറം- എടപ്പാൾ, എടപ്പറ്റ.

കോഴിക്കോട്- മൂടാടി, മണിയൂർ. വയനാട്- പൊഴുതന, തിരുനെല്ലി. കണ്ണൂർ- ചൊക്ലി, അഞ്ചരക്കണ്ടി. കാസർഗോഡ്- മടിക്കൈ, പനത്തടി. ട്രൈബൽ പ്ലസ് പദ്ധതിയിൽ സംസ്ഥാനതലത്തിൽ മികച്ച ഗ്രാമ പഞ്ചായത്തെന്ന നേട്ടം അഗളി ഗ്രാമ പഞ്ചായത്ത് കരസ്ഥമാക്കി.

# അങ്കണവാടി പ്രവർത്തകരുടെ നഷ്ടമായ കാലയളവിലെ പെൻഷൻ അനുവദിക്കാൻ ഉത്തരവ്

കേരള അങ്കണവാടി വർക്കേർസ് & ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡിൽ നിന്നും ക്ഷേമനിധി വിഹിതം അടക്കുന്നതിൽ മുടക്കം വന്നിട്ടുള്ളതും കുടിശ്ശിക അടച്ച് അംഗത്വം പുനരുജ്ജീവിപ്പിക്കാൻ കഴിയാത്തതുമായ 30 മുതൽ 40 വർഷം വരെ സേവനകാലയളവുള്ള അങ്കണവാടി പ്രവർത്തകരുടെ നഷ്ടമായ പെൻഷൻ അനുവദിക്കുന്നതിന് ഉത്തരവായതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. 2016 മുതൽ 2025 വരെ വിരമിച്ച അങ്കണവാടി പ്രവർത്തകരിൽ 2016ന് ശേഷം അനാരോഗ്യം ഉൾപ്പടെയുള്ള വിവിധ കാരണങ്ങളാൽ 500ൽപ്പരം അങ്കണവാടി പ്രവർത്തകർക്ക് പെൻഷൻ നഷ്ടമായിരുന്നു. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് നിലവിലുള്ള ആക്ട് ഭേദഗതി ചെയ്ത് പ്രസ്തുത കാലയളവിലെ പെൻഷൻ നൽകാൻ തീരുമാനമായത്.ശൂന്യ വേതനാവധി കാലയളവിൽ 6 മാസത്തിൽ കൂടുതൽ അംശദായം അടയ്ക്കാതെ അംഗത്വം നഷ്ടപ്പെട്ട് പെൻഷൻ നഷ്ടമായ വിരമിച്ച അങ്കണവാടി പ്രവർത്തകർക്ക് മുടക്കം വരുത്തിയ വിഹിതം, അംശദായം ഒടുക്കി പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനാണ് പ്രത്യേക അനുമതി നൽകി ഉത്തരവായത്.

# ചീഫ് മിനിസ്റ്റേഴ്സ് മെഗാക്വിസ് ഗ്രാൻഡ് ഫിനാലെ ഫെബ്രുവരി 22ന് തിരുവനന്തപുരത്ത്; മുഖ്യമന്ത്രി സമ്മാനദാനം നിർവഹിക്കും

കേരളത്തിന്റെ സാമൂഹിക, വികസന, ക്ഷേമ പ്രവർത്തനങ്ങളുടെ ചരിത്രവും വർത്തമാനവും പ്രമേയമാക്കി സംസ്ഥാന സർക്കാർ സംഘടിപ്പിച്ച ചീഫ് മിനിസ്റ്റേഴ്സ് മെഗാക്വിസിന്റെ ആദ്യ എഡിഷൻ ഗ്രാൻഡ് ഫിനാലെയും സമാപന സമ്മേളനവും സമ്മാനദാന ചടങ്ങും 2026 ഫെബ്രുവരി 22-ന് തിരുവനന്തപുരം ഗവ. വിമൻസ് കോളേജ് ഓഡിറ്റോറിയത്തിൽ നടക്കും. രാവിലെ 9.30 ന് കോളേജ് വിഭാഗം മത്സരവും ഉച്ചക്ക് 1.30 ന് സ്കൂൾ വിഭാഗം മത്സരവും നടക്കും. സ്കൂൾ, കോളേജ് വിഭാഗങ്ങളിലായി ഏകദേശം അഞ്ച് ലക്ഷത്തോളം വിദ്യാർത്ഥികളാണ് വിവിധ ഘട്ടങ്ങളിലായി മത്സരത്തിൽ പങ്കെടുത്തത്. ശരിയുത്തരങ്ങൾക്ക് കാണികൾക്കും സമ്മാനം ലഭിക്കുന്ന ജനകീയ ക്വിസ് ഷോ യായാണ് മത്സരം സംഘടിപ്പിക്കുന്നത്.

വൈകുന്നേരം 4.30 ന് നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയും വിജയികൾക്ക് സമ്മാനദാനം നിർവഹിക്കുകയും ചെയ്യും. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി അധ്യക്ഷത വഹിക്കും. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു മുഖ്യാതിഥിയായി പങ്കെടുക്കും. മേയർ വി വി രാജേഷ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി പ്രിയദർശിനി എന്നിവർ വിശിഷ്ടാതിഥികളാകും. ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ സ്പെഷ്യൽ സെക്രട്ടറി ടി വി സുഭാഷ് സ്വാഗതം ആശംസിക്കും.

ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി ഡോ. ഷർമിള മേരി ജോസഫ്, പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി ഡോ. കെ വാസുകി, കോളേജിയേറ്റ് എജ്യുക്കേഷൻ ഡയറക്ടർ കെ സുധീർ, പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ എൻ എസ് കെ ഉമേഷ് എന്നിവർ ആശംസകൾ നേരും. ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് അഡീഷണൽ ഡയറക്ടർ കെ ജി സന്തോഷ് നന്ദി അറിയിക്കും.

സ്കൂൾ വിഭാഗത്തിൽ ആദ്യ മൂന്ന് സ്ഥാനങ്ങൾ നേടുന്ന ടീമുകൾക്ക് യഥാക്രമം അഞ്ച് ലക്ഷം, മൂന്ന് ലക്ഷം, രണ്ട് ലക്ഷം രൂപയും കോളേജ് വിഭാഗത്തിൽ ആദ്യ മൂന്ന് സ്ഥാനങ്ങൾ നേടുന്ന ടീമുകൾക്ക് യഥാക്രമം മൂന്ന് ലക്ഷം, രണ്ട് ലക്ഷം, ഒരു ലക്ഷം രൂപയും ക്യാഷ് അവാർഡായി നൽകും. ഇതോടൊപ്പം പ്രശസ്തിപത്രവും മെമെന്റോയും സമ്മാനിക്കും.

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ്, ഉന്നത വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ സംയുക്ത നേതൃത്വത്തിലാണ് പരിപാടി സംഘടിപ്പിക്കുന്നത്. പൊതുജനങ്ങൾക്ക് പ്രവേശനം സൗജന്യമായിരിക്കും.

# സാങ്കേതിക വിദ്യാഭ്യാസ മികവിനായി എൽ.ബി.എസും നി-ലിറ്റും കൈകോർക്കുന്നു

കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി (NIELIT) കോഴിക്കോടും എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജി യുടെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളായായ എൽ.ബി.എസ് ഇൻസ്റ്റിറ്റിട്യൂട്ട് ഓഫ് ടെക്നോളജി ഫോർ വുമൺ തിരുവനന്തപുരം, എൽ.ബി.എസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് കാസർഗോഡ് എന്നിവയും വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഗവേഷണത്തിനും അത്യാധുനിക സാങ്കേതിക വിദ്യയിൽ പരിശീലനം നൽകുന്നതിനുമായി ധാരണാപത്രം ഒപ്പുവെച്ചു. വി എൽ എസ്സ് ഐ, ഡാറ്റാ സയൻസ്, സൈബർ സെക്യൂരിറ്റി തുടങ്ങിയ അത്യാധുനിക സാങ്കേതികവിദ്യകളിൽ ഗുണനിലവാരമുള്ള പരിശീലനം ലഭ്യമാക്കാനാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. എൻ.ഐ.ഇ.എൽ.ഐ.ടി ഡയറക്ടർ ഡോ.പ്രതാപ് കുമാർ എസ്സ്., എൽ.ബി.എസ് ഡയറക്ടർ ഡോ.എം.അബ്ദുൾ റഹ്മാന് എന്നിവരുടെ സാന്നിദ്ധ്യത്തിലായിരുന്നു ഈ ഒപ്പുവെക്കൽ നടന്നത്.

## ആറ്റിങ്ങൽ ഗവ. ഐ.ടി.ഐ പ്രവേശനം

ആറ്റിങ്ങൽ ഗവ. ഐ.ടി.ഐ.യിൽ ഡ്രൈവർ കം മെക്കാനിക് എസ്.സി.വി.ടി നോൺമെട്രിക് ട്രേഡിൽ 2026 ഫെബ്രുവരി ബാച്ചിലേക്കുള്ള പ്രവേശനത്തിന് അപേക്ഷകൾ ക്ഷണിച്ചു. https://det.kerala.gov.in/ ൽ ലഭ്യമാകുന്ന അപേക്ഷ പൂരിപ്പിച്ച് സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സഹിതം 100 രൂപ ഫീസ് ഒടുക്കി ആറ്റിങ്ങൽ ഐ ടി ഐ യിൽ മാർച്ച് 5 ന് വൈകിട്ട് 5 നു മുമ്പ് അപേക്ഷകൾ രജിസ്റ്റർ ചെയ്യണം. ഫോൺ: 9746202060.

# 7 ആരോഗ്യ സ്ഥാപനങ്ങൾക്ക് കൂടി ദേശീയ ഗുണനിലവാര അംഗീകാരം

## കരകുളം കുടുംബാരോഗ്യ കേന്ദ്രം ദേശീയ അംഗീകാര നിറവിൽ

സംസ്ഥാനത്തെ 7 ആരോഗ്യ സ്ഥാപനങ്ങൾക്ക് കൂടി ദേശീയ ഗുണനിലവാര അംഗീകാരം ലഭിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. കണ്ണൂർ ചൊക്ലി കുടുംബാരോഗ്യകേന്ദ്രം 91.06 ശതമാനം, മലപ്പുറം താനൂർ നഗര പ്രാഥമികാരോഗ്യ കേന്ദ്രം 93.15 ശതമാനം, കണ്ണൂർ ചാല ജനകീയ ആരോഗ്യ കേന്ദ്രം 93.91 ശതമാനം, തിരുവനന്തപുരം കാച്ചാണി ജനകീയ ആരോഗ്യകേന്ദ്രം 93.08 ശതമാനം, തിരുവനന്തപുരം കരകുളം ജനകീയ ആരോഗ്യകേന്ദ്രം 91.73 ശതമാനം, തിരുവനന്തപുരം കരകുളം മെയിൻ സെന്റർ ജനകീയ ആരോഗ്യകേന്ദ്രം 91.85 ശതമാനം, ആലപ്പുഴ പാണാവള്ളി ജനകീയ ആരോഗ്യകേന്ദ്രം 93.04 ശതമാനം എന്നീ ആരോഗ്യ കേന്ദ്രങ്ങൾക്കാണ് പുതുതായി നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാന്റേർഡ്സ് (എൻ.ക്യു.എ.എസ്.) അംഗീകാരം ലഭിച്ചത്.

ഇതോടെ സംസ്ഥാനത്തെ ആകെ 309 ആരോഗ്യ കേന്ദ്രങ്ങൾക്കാണ് എൻ.ക്യു.എ.എസ്. അംഗീകാരം ലഭിച്ചത്. സംസ്ഥാനത്തെ 9 ജില്ലാ ആശുപത്രികൾ, 8 താലൂക്ക് ആശുപത്രികൾ, 14 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 51 നഗര കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 177 കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 50 ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ എന്നിവ എൻ.ക്യു.എ.എസ്. അംഗീകാരം നേടിയിട്ടുണ്ട്.

പി.എൻ.എക്സ്. 743/2026

കരകുളം കുടുംബാരോഗ്യ കേന്ദ്രം ദേശീയ അംഗീകാര നിറവിൽ

തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമ പഞ്ചായത്തിലെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളും ദേശീയ ഗുണനിലവാര അംഗീകാരമായ എൻ.ക്യു.എ.എസ്. നേടി. ഒരു ഗ്രാമ പഞ്ചായത്തിലെ മുഴുവൻ ആരോഗ്യ സ്ഥാപനങ്ങളും ഒരുമിച്ച് ദേശീയ നിലവാരത്തിലെത്തുന്നത് ഇതാദ്യമായാണ്. അടുത്തിടെ കരകുളം കുടുംബാരോഗ്യ കേന്ദ്രത്തിന് എൻ.ക്യു.എ.എസ്. പുന:അംഗീകാരം ലഭിച്ചിരുന്നു. ഈ കേന്ദ്രത്തിന് കീഴിലെ കാച്ചാണി, കരകുളം, കരകുളം മെയിൻ സെന്റർ, ചിറ്റാഴ, കല്ലയം, ഏണിക്കര എന്നീ 6 ജനകീയ ആരോഗ്യ കേന്ദ്രങ്ങൾക്കാണ് എൻ.ക്യു.എ.എസ്. അംഗീകാരം ലഭിച്ചത്.

സംസ്ഥാനത്തെ കൂടുതൽ ആരോഗ്യ സ്ഥാപനങ്ങളെ ദേശീയ ഗുണനിലവാരത്തിലേക്ക് ഉയർത്താൻ മന്ത്രി വീണാ ജോർജിന്റെ നിർദേശ പ്രകാരം നടപടി സ്വീകരിച്ചിരുന്നു. ഇതനുസരിച്ച് കരകുളം കുടുംബാരോഗ്യ കേന്ദ്രം വലിയ പ്രവർത്തനങ്ങൾ നടത്തി. എൻക്യുഎസ് മാനദണ്ഡ പ്രകാരം അടിസ്ഥാന സൗകര്യങ്ങളൊരുക്കുകയും ജീവനക്കാർ, ആശാ പ്രവർത്തകർ, ജനപ്രതിനിധികൾ എന്നിവർക്ക് പ്രത്യേക പരിശീലനങ്ങൾ നൽകുകയും ചെയ്തു.

പ്രതിമാസം കൃത്യമായ അസസ്മെന്റുകൾ നടത്തുകയും കണ്ടെത്തിയ പോരായ്മകൾ സമയബന്ധിതമായി പരിഹരിക്കുകയും ചെയ്തു.

കരകുളം കുടുംബാരോഗ്യ കേന്ദ്രത്തിൽ രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെയാണ് ഒ.പി. സമയം. അത്യാധുനിക ലാബ് സൗകര്യങ്ങളും ഫിസിയോതെറാപ്പി യൂണിറ്റും ഇവിടെ ലഭ്യമാണ്. പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ, ജീവിതശൈലി രോഗ നിർണയം, ബോധവൽക്കരണ പരിപാടികൾ എന്നിവ കൃത്യമായി നടപ്പിലാക്കുന്നു. വീടുകളിൽ നേരിട്ട് സന്ദർശനം നടത്തി മികച്ച പരിചരണവും മരുന്ന് വിതരണവും ഉറപ്പാക്കുന്ന സംവിധാനവും കാര്യക്ഷമമായി പ്രവർത്തിക്കുന്നു.

ദേശീയ നിലവാരത്തിലേക്ക് ഉയർന്ന കരകുളം കുടുംബാരോഗ്യ കേന്ദ്രത്തിന്റെ നേട്ടം ആരോഗ്യ രംഗത്ത് മറ്റുള്ളവയ്ക്കും മാതൃകയാണ്. അഭിമാന നേട്ടത്തിന് പിന്നിൽ കൂട്ടായി പ്രവർത്തിച്ച എല്ലാ ടീം അംഗങ്ങളേയും മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു.



അന്താരാഷ്ട്ര വനിതാ ദിനാഘോഷങ്ങളുടെ ഭാഗമായി വിവിധ മേഖലകളിൽ പ്രാഗൽഭ്യം തെളിയിച്ചവരെ ആദരിക്കുന്ന ചടങ്ങ് മന്ത്രി ഡോ ആർ ബിന്ദു ഉദ്ഘാടനം ചെയ്യുന്നു

# രഞ്ജി ട്രോഫി സെമി; കർണാടകയ്ക്ക് കൂറ്റൻ ലീഡ്

ലക്നോ: രഞ്ജി ട്രോഫി സെമിഫൈനലിൽ ഉത്തരാഖണ്ഡിനെതിരെ കർണാടകയ്ക്ക് കൂറ്റൻ ലീഡ്. നാലാം ദിവസത്തെ മത്സരം അവസാനിപ്പിക്കുന്പോൾ രണ്ടാം ഇന്നിംഗ്സിൽ ആറ് വിക്കറ്റ് നഷ്ടത്തിൽ 299 റൺസ് എന്ന നിലയിലാണ് കർണാടക. ഇരു ഇന്നിംഗ്സുകളിലുമായി 802 റൺസിൻറെ ലീഡാണ് നിലവിൽ കർണാടകയ്ക്കുള്ളത്. മത്സരത്തിലെ കർണാടകയുടെ ആകെ സ്കോർ 1035 ആയി.

മത്സരം നിർത്തുന്പോൾ കെ.എൽ. രാഹുലാണ് ക്രീസിലുള്ളത്. രാഹുൽ 70 റൺസെടുത്തിട്ടുണ്ട്. കർണാടകയുടെ ആറാം വിക്കറ്റ് നഷ്ടത്തമായതിന് പിന്നാലെ നാലാം ദിനത്തിലെ മത്സരത്തിലെ അവസാനിപ്പിച്ചതോടെയാണ് ക്രീസിൽ രാഹുൽ മാത്രമായത്. ഏഴ് റൺസെടുത്ത വിദ്യാദർ പാട്ടീലാണ് ആറാമനായി പുറത്തായത്.

രണ്ടാം ഇന്നിംഗ്സിലും സെഞ്ചുറി നേടിയ സ്മരൻ രവിചന്ദ്രൻറെയും അർധ സെഞ്ചുറി നേടിയ രാഹുലിൻറെയും കൃതിക് കൃഷ്ണയുടെയും മികവിലാണ് കർണാടക കൂറ്റൻ ലീഡിലേക്കെത്തിയത്. ആദ്യ ഇന്നിംഗ്സിൽ 135 റൺസെടുത്ത സ്മരൻ രണ്ടാം ഇന്നിംഗ്സിൽ 127 റൺസെടുത്താണ് പുറത്തായത്. കൃതിക് കൃഷ്ണ 52 റൺസും മായങ്ക് അഗർവാൾ 21 റൺസുമെടുത്തു.

രണ്ടാം ഇന്നിംഗ്സിൽ ഉത്തരാഖണ്ഡിന് വേണ്ടി അഭയ് നേഗിയും മായംഗ് മിസ്രയും രണ്ട് വിക്കറ്റ് വീതമെടുത്തിട്ടുണ്ട്. അവ്നീഷ് സുധയും ജഗദീഷാ സുചിത്തും ഓരോ വിക്കറ്റ് വീതം വീഴ്ത്തി.

ആദ്യ ഇന്നിംഗ്സിൽ കർണാടക 736 റൺസാണ് പടുത്തുയർത്തിയത്. മറുപടി ബാറ്റിംഗിനിറങ്ങിയ ഉത്തരാഖണ്ഡ് 233 റൺസിൽ ഓൾ ഔട്ടായി.

# സ്നേഹപൂർവം പദ്ധതി: അപേക്ഷ തീയതി 22 വരെ നീട്ടി

കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്ന, അച്ഛനോ അമ്മയോ അല്ലെങ്കിൽ ഇരുവരും മരണമടഞ്ഞതും നിർദ്ധനരായവരുമായ കുടുംബങ്ങളിലെ സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ബിരുദം/പ്രൊഫഷണൽ ബിരുദം വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള പ്രതിമാസ ധനസഹായ പദ്ധതിയായ 'സ്നേഹപൂർവ്വം' പദ്ധതി ധനസഹായത്തിനായി 2025-26 അദ്ധ്യയന വർഷത്തെ അപേക്ഷ വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപന മേധാവി മുഖേന ഓൺലൈനായി അപ്‌ലോഡ് ചെയ്യുന്നതിനായി ജനുവരി 15 വരെ വെബ്സൈറ്റ് ഓപ്പണാക്കി നൽകിയിരുന്നു. എന്നാൽ, ചില സ്കൂൾ അധികൃതർക്ക് നിശ്ചിത സമയത്തിനുള്ളിൽ അപേക്ഷകൾ അപ്‌ലോഡ് ചെയ്യുവാൻ സാധിക്കാത്തതിനാൽ ഫെബ്രുവരി 22 വരെ വെബ്സൈറ്റ് ഓപ്പണാക്കി. ഇത് സംബന്ധിച്ച വിവരങ്ങൾ http://kssm.ikm.in-ൽ ലഭ്യമാണ്.

# ടി20 ലോകകപ്പ്: നെതർലൻഡ്സിനെതിരെ ഇന്ത്യയ്ക്ക് ടോസ്, ആദ്യം ബാറ്റ് ചെയ്യും

അഹമ്മദാബാദ്: ട്വൻറി 20 ലോകകപ്പിൽ നെതർലൻഡ്സിനെതിരെ ടോസ് നേടിയ ഇന്ത്യ ബാറ്റിംഗ് തെരഞ്ഞെടുത്തു. അഹമ്മദാബാദിലെ നരേന്ദ്ര മോദി സ്റ്റേഡിയത്തിൽ ഏഴ് മുതലാണ് മത്സരം.കഴിഞ്ഞ മത്സരത്തിൽ ടീമിൽ നിന്ന് രണ്ട് മാറ്റങ്ങളുമായാണ് ഇന്ത്യ കളത്തിലിറങ്ങുന്നത്. കുൽദീപ് യാദവിനും അക്സർ പട്ടേലിനും പകരം അർഷ്ദീപ് സിംഗും വാഷിംഗ്ടൺ സുന്ദറും പ്ലേയിംഗ് ഇലവണിലെത്തി.

ടീം ഇന്ത്യ: ഇഷാൻ കിഷൻ (വിക്കറ്റ് കീപ്പർ), അഭിഷേക് ശർമ, തിലക് വർമ, സൂര്യകുമാർ യാദവ് (ക്യാപ്റ്റൻ), ഹാർദിക് പാണ്ഡ്യ, ശിവം ദുബെ, റിങ്കു സിംഗ്, വാഷിംഗ്ടൺ സുന്ദർ, അർഷ്ദീപ് സിംഗ്, വരുൺ ചക്രവർത്തി, ജസ്പ്രീത് ബുംറ.

ടീം നെതർലൻഡ്സ്: മൈക്കൽ ലെവിറ്റ്, മാക്സ് ഒ ഡോവ്ഡ്, ബാസ് ഡി ലീഡ്, കോലിൻ അക്കർമാൻ, സ്കോട്ട് എഡ്വാർഡ്സ് (ക്യാപ്റ്റൻ/വിക്കറ്റ് കീപ്പർ), സാച്ച് ലിയൻകാച്ചെട്ട്, നോഹ് ക്രോയെസ്, റോയെലോഫ് വാൻ ഡെർ മെർവ്, ലോഗൻ വാൻ ബീക്ക്, ആര്യൻ ദത്ത്, കൈൽ ക്ലെയ്ൻ.

# ടി20 ലോകകപ്പ്: യുഎഇയ്ക്കെതിരെ ദക്ഷിണാഫ്രിക്കയ്ക്ക് തകർപ്പൻ ജയം

ന്യൂഡൽഹി: ഐസിസി ട്വൻറി 20 ലോകകപ്പിൽ യുഎഇയ്ക്കെതിരെ ദക്ഷിണാഫ്രിക്കയ്ക്ക് തകർപ്പൻ ജയം. ഡൽഹിയിൽ നടന്ന മത്സരത്തിൽ ആറ് വിക്കറ്റിനാണ് ദക്ഷിണാഫ്രിക്ക വിജയിച്ചത്.

യുഎഇ ഉയർത്തിയ 123 റൺസ് വിജയലക്ഷ്യം 13.2 ഓവറിൽ ദക്ഷിണാഫ്രിക്ക മറികടന്നു. 36 റൺസെടുത്ത ഡിവാൾഡ് ബ്രെവിസിൻറെയും 30 റൺസെടുത്ത റയാൻ റിക്കിൾടണിൻറെയും 28 റൺസെടുത്ത ക്യാപ്റ്റൻ എയ്ഡൻ മാർക്രത്തിൻറെയും മികവിലാണ് ദക്ഷിണാഫ്രിക്ക അനായാസമായി ലക്ഷ്യം മറികടന്നത്.

യുഎഇയ്ക്ക് വേണ്ടി ഹൈദർ അലിയും മുഹമ്മദ് ജാവാദുള്ളയും മുഹമ്മദ് അർഫാനും മുഹമ്മദ് ഫാറൂഖും ഓരോ വിക്കറ്റ് വീതം വീഴ്ത്തി. ആദ്യം ബാറ്റ് ചെയ്ത യുഎഇ ആറ് വിക്കറ്റ് നഷ്ടത്തിലാണ് 122 റൺസെടുത്തത്.

അലിഷൻ ഷറഫുവിൻറെ ഇന്നിംഗ്സിൻറെ മികവിലാണ് യുഎഇ ഭേദപ്പെട്ട സ്കോറിലെത്തിയത്. 45 റൺസാണ് ഷറഫു എടുത്തത്. അഞ്ച് ബൗണ്ടറിയും ഒരു സിക്സും അടങ്ങുന്നതായിരുന്നു ഷറഫുവിൻറെ ഇന്നിംഗ്സ്. ക്യാപ്റ്റൻ മുഹമ്മദ് വസീം 22 റൺസെടുത്തു.

ദക്ഷിണാഫ്രിക്കയ്ക്ക് വേണ്ടി കോർബിൻ ബോഷ് മൂന്ന് വിക്കറ്റെടുത്തു. ആൻറിച്ച് നോർക്യെ രണ്ട് വിക്കറ്റും ജോർജ് ലിൻഡെ ഒരു വിക്കറ്റും വീഴ്ത്തി. പ്രാഥമിക ഘട്ടത്തിലെ നാല് മത്സരങ്ങളിലും ജയിച്ച ദക്ഷിണാഫ്രിക്ക എട്ട് പോയിൻറുമായി ഗ്രൂപ്പ് ഡിയിലെ ഒന്നാം സ്ഥാനക്കാരായാണ് സൂപ്പർ എട്ടിൽ കടന്നത്.

# നമീബിയയ്ക്കെതിരെ ഗംഭീര ജയം; പാക്കിസ്ഥാൻ സൂപ്പർ എട്ടിൽ

കൊളംബോ: ട്വൻറി 20 ലോകകപ്പിൻറെ സൂപ്പർ എട്ടിൽ കടന്ന് പാക്കിസ്ഥാൻ. കൊളംബോയിൽ നടന്ന മത്സരത്തിൽ നമീബിയയെ 102 റൺസിന് തകർത്താണ് പാക്കിസ്ഥാൻ സൂപ്പർ എട്ടിൽ കടന്നത്.

പാക്കിസ്ഥാൻ ഉയർത്തിയ 200 റൺസ് വിജയലക്ഷ്യം പിന്തുടർന്ന നമീബിയ 97 റൺസിൽ ഓൾഔട്ടായി. 23 റൺസെടുത്ത ലൗറൻ സ്റ്റിൻകാംപിനും 20 റൺസെടുത്ത അലക്സാണ്ടർ വോൾഷെംഗിനും മാത്രമാണ് നമീബിയൻ നിരയിൽ പിടിച്ചുനിൽക്കാനായത്.

പാക്കിസ്ഥാന് വേണ്ടി ഉസ്മാൻ താരിഖ് നാല് വിക്കറ്റെടുത്തു. ഷഡബ് ഖാൻ മൂന്ന് വിക്കറ്റും സൽമാൻ മിർസയും മുഹമ്മദ് നവാസും ഓരോ വിക്കറ്റ് വീതമെടുത്തു.ആദ്യം ബാറ്റ് ചെയ്ത പാക്കിസ്ഥാൻ 20 ഓവറിൽ മൂന്ന് വിക്കറ്റ് നഷ്ടത്തിലാണ് 199 റൺസെടുത്തത്. ഓപ്പണർ ഷാഹിബ്സാദാ ഫർഹാൻറെ വെടിക്കെട്ട് സെഞ്ചുറിയുടെയും ക്യാപ്റ്റൻ സൽമാൻ ആഘയുടെയും ഷഡബ് ഖാൻറെയും മികച്ച ഇന്നംഗ്സുകളുടെയും മികവിലാണ് പാക്കിസ്ഥാൻ കൂറ്റൻ സ്കോർ പടുത്തുയർത്തിയത്.

ഷാദഹിബ്സാദാ ഫർഹാൻ 100 റൺസാണെടുത്തത്. 58 പന്തിൽ 11 ബൗണ്ടറിയും നാല് സിക്സും അടങ്ങുന്നതായിരുന്നു ഫർഹാൻറെ ഇന്നിംഗ്സ്. സൽമാൻ ആഘ 38 റൺസും ഷഡബ് ഖാൻ 36 റൺസുമാണെടുത്തത്.

നബീയയ്ക്ക് വേണ്ടി ജാക്ക് ബ്രസൽ രണ്ട് വിക്കറ്റെടുത്തു. ക്യാപ്റ്റൻ ജെർഹാഡ് ഇറാസ്മസ് ഒരു വിക്കറ്റ് വീഴ്ത്തി.

## ക്വട്ടേഷൻ ക്ഷണിച്ചു

കേരള സംസ്ഥാന കളിമൺ പാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ ആറ്റുകാൽ പൊങ്കാല ഉത്സവത്തോട് അനുബന്ധമായി ഫെബ്രുവരി 24 മുതൽ മാർച്ച് 4 വരെ കളിമൺ ഉത്പന്നങ്ങളുടെ പ്രദർശന വിപണന മേള പാളയം പബ്ലിക് ലൈബ്രറിയുടെ എതിർവശത്തുള്ള തുറസായ സ്ഥലത്ത് ഒരുക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. വിശദവിവരങ്ങൾക്ക് : 9188940799, 0471 2727010. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി ഫെബ്രുവരി 20 രാവിലെ 10.

## സിനിമ ജൂണിയർ ആർട്ടിസ്റ്റ് 52 ലിറ്റർ മദ്യവുമായി പിടിയിൽ

കൊച്ചി: ജൂണിയർ ആർട്ടിസ്റ്റ് 52 ലിറ്റർ മദ്യവുമായി സിനിമ പിടിയിൽ. തിരൂരങ്ങാടി സ്വദേശി അൽക്കൂ എന്ന ഷെഫീക്കിനെയാണ് മദ്യവുമായി എക്സൈസ് പിടികൂടിയത്. കൊച്ചി നഗരത്തിൽ രാത്രി 12ന് ശേഷം ആവശ്യക്കാർക്ക് ഇയാൾ മദ്യം എത്തിച്ച് നൽകിയിരുന്നതായി എക്സൈസ് കണ്ടെത്തിതിനെത്തുടർന്നാണ് നടപടി.

## മഞ്ചേരിയിൽ കാട്ടുതേനീച്ചയുടെ ആക്രമണം; നാല് പേർക്ക് പരിക്ക്

മലപ്പുറം: മഞ്ചേരിയിൽ കാട്ടുതേനീച്ചയുടെ ആക്രമണത്തിൽ നാല് പേർക്ക് പരിക്കേറ്റു. യു.കെ. മുഹമ്മദ് സാബിത്ത് (15), അത്തിമണ്ണിൽ അബ്ദുൽ സലാം (47), മകൻ ആദിൽ മുഹമ്മദ് (16), എ.എം. ഹുസൈൻ (35) എന്നിവരെയാണ് തേനീച്ചകൾ കൂട്ടമായി ആക്രമിച്ചത്.

മഞ്ചേരിയിലെ ചെരണി പ്ലൈവുഡ് റോഡ്, ചെമ്മരം ഭാഗത്താണ് സംഭവം നടന്നത്. റോഡിലൂടെ നടന്നുപോകുന്നതിനിടെയാണ് ഇവർക്ക് കുത്തേറ്റത്. തിങ്കളാഴ്ച രാത്രിയിലും ഇതേ പ്രദേശത്ത് ഒരാൾക്ക് തേനീച്ചയുടെ കുത്തേറ്റിരുന്നു.

പരിക്കേറ്റവർ മഞ്ചേരി ഗവ. മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സ തേടി. ആക്രമണം ആവർത്തിക്കുന്നുണ്ടെങ്കിലും പ്രദേശത്ത് തേനീച്ചയുടെ കൂടുകളൊന്നും കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്ന് നാട്ടുകാർ പറയുന്നു.

## ബൈക്ക് ഇടിച്ചു തെറിപ്പിച്ചു; ബംഗളൂരുവിൽ ബാങ്ക് ജീവനക്കാരിക്ക് ദാരുണാന്ത്യം

ബംഗളൂരു: റോഡ് മുറിച്ച് കടക്കുന്നതിനിടെ അമിതവേഗത്തിലെത്തിയ ബൈക്കിടിച്ച് യുവതിക്ക് ദാരുണാന്ത്യം. ബംഗളൂരു ലഗ്ഗരെ സ്വദേശിനിയും സ്വകാര്യ ബാങ്കിലെ ജീവനക്കാരിയുമായ യോഗേശ്വരി (27) യാണ് മരിച്ചത്. വാഹനമോടിച്ച അൾസൂർ സ്വദേശി ദീപക് തലയ്ക്ക് പരിക്കേറ്റ് ആശുപത്രിയിൽ ചികിത്സയിലാണെന്ന് പോലീസ് പറഞ്ഞു. ബാങ്കിൻറെ എതിർവശത്തുള്ള ഹോട്ടലിൽ നിന്ന് ഉച്ചഭക്ഷണം വാങ്ങി മടങ്ങുന്നതിനിടെയാണ് അപകടം. ഭക്ഷണവുമായി റോഡ് മുറിച്ചുകടക്കുന്നതിനിടെ അമിത വേഗത്തിലെത്തിയ ബൈക്ക് യോഗേശ്വരിയെ ഇടിച്ചുതെറിപ്പിക്കുകയായിരുന്നു.

# ബിഐഎസ് സർട്ടിഫിക്കേഷൻ ഇല്ലാത്ത കളിപ്പാട്ടങ്ങളുടെ വിൽപ്പന; സ്നാപ്ഡീലിന് അഞ്ച് ലക്ഷം രൂപ പിഴ

ന്യൂഡൽഹി: ബിഐഎസ് സർട്ടിഫിക്കേഷൻ ഇല്ലാത്ത കളിപ്പാട്ടങ്ങൾ വിറ്റഴിച്ചതിന് ഇകൊമേഴ്സ് പ്ലാറ്റ്ഫോമായ സ്നാപ്ഡീലിന് അഞ്ച് ലക്ഷം രൂപ പിഴ ചുമത്തി കേന്ദ്ര ഉപഭോക്തൃ സംരക്ഷണ അഥോറിറ്റി (സിസിപിഎ). 2020ലെ ടോയ്സ് ക്വാളിറ്റി കൺട്രോൾ ഓർഡർ ലംഘിച്ചതിനാണ് അഥോറിറ്റി നടപടിയെടുത്തത്. സ്നാപ്ഡീലിൻറെ മാതൃകമ്പനിയായ 'ഏസ് വെക്റ്റർ ലിമിറ്റഡിനെതിരെ' സ്വമേധയാ എടുത്ത കേസിനെതുടർന്നാണ് ചീഫ് കമ്മീഷണർ നിധി ഖാരെ വിധി പ്രഖ്യാപിച്ചത്.

നിരോധിച്ച കളിപ്പാട്ടങ്ങൾ നീക്കം ചെയ്തെന്ന് കമ്പനി അവകാശപ്പെട്ടെങ്കിലും 2025 ഡിസംബർ വരെ പ്ലാറ്റ്ഫോമിൽ ഇവ ലഭ്യമായിരുന്നുവെന്ന് അന്വേഷണത്തിൽ കണ്ടെത്തി. പല കളിപ്പാട്ടങ്ങളിലും നിർമാതാവിൻറെ പേര്, വിലാസം, ബിഐഎസ് സർട്ടിഫിക്കേഷൻ നമ്പർ എന്നിവ രേഖപ്പെടുത്തിയിരുന്നില്ല. സെല്ലർമാരുടെ സ്വയം സാക്ഷ്യപ്പെടുത്തൽ മാത്രം വിശ്വസിച്ച് കളിപ്പാട്ടങ്ങൾ വിൽക്കാൻ അനുവദിച്ചത് ഗുരുതരമായ വീഴ്ചയാണെന്ന് അഥോറിറ്റി നിരീക്ഷിച്ചു.

ഓഫറുകൾ വഴി വിൽപ്പന നിയന്ത്രിക്കുന്നതിനാലും ഉത്പന്നങ്ങൾക്ക് ഗുണനിലവാര ഉറപ്പ് നൽകുന്നതിനാലും പ്ലാറ്റ്ഫോമിന് ഇതിൽ തുല്യ ഉത്തരവാദിത്തമുണ്ടെന്ന് അഥോറിറ്റി വ്യക്തമാക്കി.

സ്നാപ്ഡീലിന് പുറമെ ആമസോൺ, ഫ്ലിപ്കാർട്ട് എന്നീ കമ്പനികൾക്കും കളിപ്പാട്ടങ്ങളിലെ ബിഐഎസ് നിയമലംഘനത്തിന് സിസിപിഎ നോട്ടീസ് അയച്ചിട്ടുണ്ട്.

## ലേബർ റൂമിൽനിന്ന് പിഞ്ചുകുഞ്ഞിനെ കടത്തിക്കൊണ്ടുപോയ സ്ത്രീകൾ പിടിയിൽ

ന്യൂഡൽഹി: ലേബർ റൂമിൽ നിന്ന് പിഞ്ചുകുഞ്ഞിനെ കടത്തിക്കൊണ്ടുപോയ സ്ത്രീകളെ മണിക്കൂറുകൾക്കുള്ളിൽ കണ്ടെത്തി ഡൽഹി പോലീസ്. ഡൽഹി അംബേദ്കർ ആശുപത്രിയിലെ ലേബർ റൂമിൽ നിന്നാണ് രാവിലെ കുഞ്ഞിനെ രണ്ട്സത്രീകൾ മോഷ്ടിച്ചത്.

അമ്മയുമായി സൗഹൃദം നടിച്ചായിരുന്നു ഇവർ കുട്ടിയെ കൈക്കലാക്കിയത്. കുഞ്ഞുമായി കടന്നുകളഞ്ഞ നാൽപത്കാരിയെ ഡൽഹി മീററ്റ് എക്സ്പ്രസ് വേയിൽ വച്ച് പിടികൂടി. ഇവരുടെ പേര് വിവരങ്ങൾ പുറത്തുവിട്ടിട്ടില്ല. കൂട്ടുപ്രതിയായ 20കാരി അഹിർബൻ സക്സേനയെയും പോലീസ് അറസ്റ്റ് ചെയ്തു.

# ബാറുകളുടെ പ്രവർത്തന സമയത്തിൽ രൂക്ഷ വിമർശനവുമായി രാജീവ് ചന്ദ്രശേഖർ

തിരുവനന്തപുരം: സംസ്ഥാനത്ത് ബാറുകളുടെ പ്രവർത്തന സമയം ഉയർത്തിയ സർക്കാർ തീരുമാനത്തിൽ രൂക്ഷ വിമർശനവുമായി ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ. ഇതിനുപിന്നിൽ കോടികളുടെ അഴിമതിയാണ് നടന്നിട്ടുള്ളതെന്ന് രാജീവ് ചന്ദ്രശേഖർ പറഞ്ഞു.

ബാറുകളുടെ പ്രവർത്തനസമയം ഉയർത്തിയ സംഭവത്തിൽ യുഡിഎഫിനെതിരെയും ബിജെപി അധ്യക്ഷൻ രൂക്ഷ വിമർശനം ഉന്നയിച്ചു. സംസ്ഥാനത്ത് അഴിമതിയുടെ കാര്യത്തിൽ ഇടത്വലത് മുന്നണികൾ ഒറ്റക്കെട്ടാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

പ്രതിപക്ഷത്തിൻറെ അറിവോടുകൂടിയാണ് പുതിയ ഭേദഗതി എന്ന് എക്സൈസ് മന്ത്രി തന്നെ വ്യക്തമാക്കിയിട്ടുണ്ട്. അതുകൊണ്ടു തന്നെ ഇടത്വലത് മുന്നണികളുടെ ഒത്തുകളി രാഷ്ട്രീയമാണ് ഈ തീരുമാനത്തിന് പിന്നിലെന്നും ബിജെപി അധ്യക്ഷൻ ആരോപിച്ചു.

തങ്ങൾ തുറക്കുന്നത് ബാറുകൾ അല്ല, സ്കൂളുകളാണെന്ന് മുദ്രാവാക്യമുയർത്തി അധികാരത്തിലെത്തിയ പിണറായി സർക്കാർ 10 വർഷം പൂർത്തിയാക്കുമ്പോൾ കേരളത്തിലെ ബാറുകളുടെ എണ്ണത്തിൽ ഉണ്ടായ വർധനവ് ഞെട്ടിക്കുന്നതാണെന്നും രാജീവ് ചന്ദ്രശേഖർ വ്യക്തമാക്കി.

ബാറുകളുടെ പ്രവർത്തന സമയം 12 മണി വരെ ഉയർത്തിയതോടെ മാസം 60 മണിക്കൂർ, അതായത് അഞ്ച് പ്രവർത്തി ദിവസത്തിന് തുല്യമായ വർധനവാണ് പിണറായി സർക്കാർ ബാറുകൾക്ക് നൽകിയിരിക്കുന്നത്. തെരഞ്ഞെടുപ്പ് കാലത്ത് ഫണ്ട് സമാഹരണമാണ് ഇവരുടെ ലക്ഷ്യം. ജനങ്ങൾ ലഹരി ഉപയോഗിച്ച് നശിച്ചാലും കുഴപ്പമില്ല എന്ന രാഷ്ട്രീയ പാർട്ടികളുടെ നിലപാട് അവസാനിപ്പിക്കണമെന്നും ബിജെപി അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ കൂട്ടിച്ചേർത്തു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

